# പതിനാലാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: **1402**.

**11-08-2017 ൽ മറുപടിയ്ക്ക്**

## നെൽകൃഷി വികസനത്തിനായുള്ള കേന്ദ്ര ഫണ്ട്

**ചോദ്യം**
ശ്രീ. എൻ.എ.നെല്ലിക്കുന്ന്

**മറുപടി**
ശ്രീ. വി.എസ്. സുനിൽകുമാർ
(കൃഷി വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | നെൽകൃഷി വികസനത്തിനായി കേന്ദ്രത്തിൽ നിന്ന് സംസ്ഥാനത്തിനു ഫണ്ട് ലഭിക്കാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | എങ്കിൽ എത്ര വർഷങ്ങളായി ഫണ്ട് ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നും ഓരോ വർഷവും ലഭിക്കുന്ന തുക എത്രയാണെന്നും വ്യക്തമാക്കാമോ; | (ബി) | നെൽകൃഷി വികസനത്തിനായി ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി പ്രകാരവും ആർ.എ.ഡി.-എൻ.എം.എസ്.എ. പദ്ധതി പ്രകാരവും ആർ.കെ.വി.വൈ. പദ്ധതി പ്രകാരവും നൽകിയിട്ടുള്ള തുകയെ സംബന്ധിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| വർഷം | ദേശീയ ഭക്ഷ്യസുരക്ഷാ പദ്ധതി (എൻ.എഫ്.എസ്.എം.) (ലക്ഷം രൂപ) | ആർ.എ.ഡി.-എൻ.എം.എസ്.എ. (ലക്ഷം രൂപ) | ആർ.കെ.വി.വൈ. (ലക്ഷം രൂപ) |
|---|---|---|---|
| 2007-08 | -- | -- | 50 |
| 2008-09 | 188.85 | -- | 389.03 |
| 2009-10 | 277.72 | -- | 672.5 |
| 2010-11 | 209.88 | -- | 2500 |
| 2011-12 | 228.28 | -- | 1925 |
| 2012-13 | 136.73 | -- | 3000 |
| 2013-14 | 88.83 | -- | 3375 |
| 2014-15 | 312.28 | 500 | 5400 |
| 2015-16 | 76.55 | 150 | 8100 |
| 2016-17 | ഇല്ല. | ഇല്ല | 4500 |
| 2017-18 | പദ്ധതി അംഗീകാരം ലഭിച്ചിട്ടുണ്ട്. ഫണ്ട് പ്രതീക്ഷിക്കുന്നു. | -- | -- |

| | | | |
|---|---|---|---|
| (സി) | ഏതെങ്കിലും വർഷം ഫണ്ട് മുടങ്ങിയിട്ടുണ്ടോ; എങ്കിൽ ഏത് വർഷമാണെന്നും മുടങ്ങാനുള്ള | (സി) | ആർ.കെ.വി.വൈ. പദ്ധതി പ്രകാരമുള്ള ഫണ്ട് മുടങ്ങിയിട്ടില്ല. 2016-17 വർഷം എൻ.എഫ്.എസ്.എം., ആർ.എ.ഡി. ഫണ്ട് |

| | | | |
|---|---|---|---|
| | കാരണമെന്താണെന്നും വ്യക്തമാക്കാമോ; | | മുടങ്ങിയിട്ടുണ്ട്. കേന്ദ്ര സർക്കാർ 60 ശതമാനവും സംസ്ഥാന സർക്കാർ 40 ശതമാനവും എന്ന രീതിയിലുള്ള ഫണ്ട് വിഭജനരീതി നിലവിൽ വന്നതും കാലാവസ്ഥയും കൃഷി സമയവും അനുസരിച്ച് മുൻ വർഷത്തെ പദ്ധതി നിർവ്വഹണം പൂർത്തിയാകുന്നതിനുണ്ടായ കാലതാമസവും കാരണമായിട്ടുണ്ട്. |
| (ഡി) | ഈ വർഷം പ്രസ്തുത ഫണ്ട് ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ലഭിച്ച തുക എത്രയാണെന്നും ഇല്ലെങ്കിൽ എപ്പോൾ ലഭിക്കുമെന്നും വ്യക്തമാക്കാമോ; | (ഡി) | ഈ വർഷം ആർ.കെ.വി.വൈ. പദ്ധതി പ്രകാരം ഇതുവരെ ഫണ്ട് ലഭിച്ചിട്ടില്ല. പതിമൂന്നാം പഞ്ചവത്സര പദ്ധതിയിലേയ്ക്കുള്ള ആർ.കെ.വി.വൈ. യുടെ പുതുക്കിയ മാനദണ്ഡ പ്രകാരം പശ്ചാത്തല വികസനം സാധ്യമാക്കുന്ന പ്രോജക്ടുകൾക്കാണ് ഊന്നൽ കൊടുക്കുന്നത്. നെൽകൃഷി വികസനത്തിനായി കൃഷി വകുപ്പ് സമർപ്പിച്ച 81 കോടി രൂപയുടെ പ്രോജക്ട് 28/06/2017 ന് കൂടിയ കേന്ദ്രസർക്കാർ ഉദ്യോഗസ്ഥർ അംഗമായിട്ടുള്ള സ്റ്റേറ്റ് ലെവൽ സാങ്ഷനിംഗ് കമ്മിറ്റി പ്രസ്തുത കാരണത്താൽ നിരാകരിക്കുകയുണ്ടായി.<br>എൻ.എഫ്.എസ്.എം. പ്രകാരം 174.385 ലക്ഷം രൂപ എൻ.എഫ്.എസ്.എം. റൈസ് - 29.155 ലക്ഷം രൂപ എൻ.എഫ്.എസ്.എം. പൾസസ് - 0.675 ലക്ഷം രൂപ എൻ.എഫ്.എസ്.എം. കോഴ്സ് സെറിയൽ എന്നീ പദ്ധതികൾക്കായി 2017-18 വർഷം സർക്കാർ സമർപ്പിച്ച ആക്ഷൻ പ്ലാൻ കേന്ദ്രസർക്കാർ അംഗീകരിച്ചിട്ടുണ്ട്. 60% തുകയായ 122.529 ലക്ഷം രൂപ നടപ്പ് വർഷം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. |
| (ഇ) | സംസ്ഥാന കൃഷി വകുപ്പ് ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും വിശദമായ പദ്ധതിയും കൃത്യമായി സമർപ്പിക്കാത്തത് കാരണം ഇക്കുറി ഫണ്ട് നിഷേധിക്കപ്പെട്ടു എന്ന ആക്ഷേപം ശരിയാണോ; വ്യക്തമാക്കാമോ; | (ഇ) | അംഗീകരിക്കപ്പെട്ട പദ്ധതി പ്രകാരമുള്ള തുക അതാത് വർഷം ലഭിക്കുന്നതിനുണ്ടായ ബുദ്ധിമുട്ടുകൾ. പദ്ധതി പ്രവർത്തനങ്ങൾ യഥാസമയം പൂർത്തിയാക്കുന്നതിനും ധന വിനിയോഗ സർട്ടിഫിക്കറ്റുകളും റിപ്പോർട്ട് സമർപ്പിക്കുന്നതിന് കാലതാമസം വരുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.<br>ആർ.കെ.വി.വൈ. പദ്ധതി പ്രകാരം 2015-16 വർഷം വരെ ലഭിച്ച തുകയുടെ മുഴുവൻ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും കേന്ദ്രസർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. 2016-17-ൽ ലഭിച്ച തുകയുടെ 60% യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും നൽകിയിട്ടുണ്ട്. മുൻവർഷത്തെ 60% യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിന്റെ വെളിച്ചത്തിൽ അടുത്ത വർഷത്തെ ഫണ്ട് അനുവദിക്കാറുണ്ട്. |

സെക്ഷൻ ഓഫീസർ